(ബി) ടെണ്ടർ തുക തീരെ കുറവായതുകൊണ്ടാണോ കരാറുകാർ പ്രസ്തുത പ്രവൃത്തികൾ ടെണ്ടർ വിളിച്ചെടുക്കാത്തത് എന്ന വസ്തുത പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ ;

(സി) ഇത്തരം പ്രവൃത്തികൾ ചെയ്യാത്തതുമൂലം പല കെട്ടിടങ്ങളും നാശോന്മുഖമായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

പുതുതായി നിർമ്മിക്കുന്ന ഗവൺമെന്റ് ക്വാർട്ടേഴ്സുകൾ

244 (4598) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം പുതുതായി ഗവൺമെന്റ് ക്വാർട്ടേഴ്സുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എവിടെയൊക്കെയാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ ;

(സി) ഇതിലൂടെ എത്ര പേർക്ക് ക്വാർട്ടേഴ്സ് അനുവദിക്കാനാവും എന്നറിയിക്കുമോ ;

(ഡി) നിലവിൽ സംസ്ഥാനത്താകെ എത്രപേർക്ക് ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ ?

ഉത്തരം

(എ) വിവിധ സ്ഥലങ്ങളിൽ പുതുതായി ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ ലോ കോളേജ് ജംഗ്ഷൻ, ഹരിഹർ നഗർ, ഒബ്സർവേറ്ററി കോമ്പൗണ്ട്, നെടുമങ്ങാട് നെട്ട എന്നിവിടങ്ങളിലും കൊല്ലം ടൗൺ, പത്തനംതിട്ടയിൽ അടൂർ മുനിസിപ്പാലിറ്റിയിലും, കോട്ടയം ജില്ലയിൽ വൈക്കം, പാലാ, രാമപുരം, പള്ളിക്കത്തോട്, തൃശ്ശൂർ ജില്ലയിലെ അയ്യന്തോൾ, ഇടുക്കിയിൽ പൈനാവ്, നെടുങ്കണ്ടം, ദേവികുളം, കുമിളി, വയനാട് ജില്ലയിൽ കൽപ്പറ്റ, സുൽത്താൻ ബത്തേരി, കോഴിക്കോട് ജില്ലയിൽ ചേവായൂർ എന്നിവിടങ്ങളിൽ പുതുതായി ഗവൺമെന്റ് ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങളുണ്ട്.

(സി) മേൽ നിർദ്ദേശങ്ങളെല്ലാം നടപ്പിലാക്കുകയാണെങ്കിൽ 450 ഓളം കുടുംബങ്ങൾക്ക് ക്വാർട്ടേഴ്സുകൾ അനുവദിക്കാൻ കഴിയും.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly